**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5019** **20-03-2025 - ൽ മറുപടിയ്ക്ക്**

**തൊഴിലാളി ക്ഷേമനിധികളിലെ സർക്കാർ വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തൊഴിലാളി ക്ഷേമനിധികളിൽ അംശദായ തുകയ്ക്ക് ആനുപാതികമായ സർക്കാർ വിഹിതം കൃത്യമായി അടയ്ക്കാത്ത എത്ര ക്ഷേമനിധികൾ നിലവിലുണ്ട്; ഏതൊക്കെയാണെന്നും എത്ര തുക കുടിശികയുണ്ടെന്നുമുള്ള വിശദാംശം ക്ഷേമനിധി തിരിച്ച് ലഭ്യമാക്കുമോ? | (എ) | തൊഴിൽ വകുപ്പിന് കീഴിൽ വരുന്ന 16 തൊഴിലാളി ക്ഷേമനിധികളിൽ, അംശദായ തുകയ്ക്ക് ആനുപാതികമായ സർക്കാർ വിഹിതം കൃത്യമായി അടയ്ക്കാത്ത ക്ഷേമനിധികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 1. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംശദായ തുകയ്ക്ക് ആനുപാതികമായി തുക സർക്കാരിൽ നിന്ന് നല്കേണ്ടതില്ല. കേരള ആട്ടോ മൊബൈൽ വർക്ക് ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതിക്ക് തൊഴിലാളി വിഹിതത്തിന്റെ (സ്വയം തൊഴിൽ ഒഴികെ) 10% തുക സർക്കാർ ധനസഹായമായി നൽകി വരുന്നു . നിലവിൽ 3,14,068 /- രൂപ കുടിശ്ശികയാണ് .

## 2. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് 2010 മുതൽ 2024 മാർച്ച് വരെ മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ 64.23 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നതിൽ 06.03.2025-ലെ സ.ഉ.(സാധാ) നം.299/2025/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം 20 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. നിലവിൽ 44.23 കോടി രൂപയാണ് ബോർഡിന് നൽകുവാൻ ശേഷിക്കുന്നത്.

## 3 . കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിന് അംശാദായ തുകയ്ക്ക് ആനുപാതികമായി 3,40,45,564/- രൂപ സർക്കാർ വിഹിതമായി നൽകുവാൻ ശേഷിക്കുന്നു .

## 4. കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്

2015-16 സാമ്പത്തിക വർഷം മുതൽ 2023-24 വർഷം വരെ ബോർഡിന് 49,37,718.38/- രൂപ മാച്ചിംങ് ഗ്രാന്റ് ഇനത്തിൽ കുടിശ്ശികയുണ്ട്. 2024-25 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 2230-01-103-73-10 ശീർഷകത്തിൽ 62,39,000/- രൂപ ബോർഡിന് വകയിരുത്തിയിട്ടുണ്ട്.

## 5. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന് 2016-17 സാമ്പത്തിക വർഷം മുതലാണ് ഭരണ ചെലവിനത്തിൽ അംശദായ തുക അനുവദിച്ച് നൽകി തുടങ്ങിയത്. 1990-1991 സാമ്പത്തിക വർഷം മുതൽ നാളിതുവരെ 25,09,74,361.33 രൂപ അംശദായ ഇനത്തിൽ കുടിശ്ശികയുണ്ട്.

## 6. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ സർക്കാർ അനുവദിക്കുന്ന ഫണ്ട് ഉപയോഗിച്ചാണ് പെൻഷൻ നൽകി വരുന്നത്. 2018-19 വരെ ബോർഡിന് നൽകേണ്ട സർക്കാർ വിഹിതം, പെൻഷൻ ഇനത്തിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ചിരുന്നു. 2019-20 മുതൽ പെൻഷൻ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് മുഖേനയാണ് സർക്കാർ അനുവദിക്കുന്നത്. അതു കൊണ്ടു തന്നെ പിന്നീടിങ്ങോട്ട് ബോർഡിന് സർക്കാർ വിഹിതം അനുവദിച്ചിട്ടില്ല. ഈ കുടിശ്ശികയിൽ 2024-25 സാമ്പത്തിക വർഷം ബോർഡിന് സർക്കാർ 40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 31,80,314/- രൂപയാണ് കുടിശ്ശിക ഇനത്തിൽ നൽകാനുള്ളത്.

## 7. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് ആക്ട് പ്രകാരം ഓരോ അംഗവും നിധിയിലേക്ക് ഓരോ വർഷവും നൽകിയ തുകയുടെ അഞ്ച് ശതമാനത്തിനു തുല്യമായ തുകയാണ് സർക്കാർ വിഹിതമായി നൽകേണ്ടത്. 2011-12 കാലയളവു മുതൽ 2023-24 വരെ ആകെ 1,42,58,142/- രൂപ കുടിശ്ശികയിനത്തിൽ നൽകാനുണ്ട്.

## 8. കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്

2006-ലെ കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്ട് പ്രകാരം ഓരോ ക്ഷേമനിധി അംഗവും പ്രതിമാസം ക്ഷേമനിധി ഫണ്ടിലേയ്ക്ക് അടയ്ക്കുന്ന തുകയ്ക്ക് പ്രതിമാസം 5/- രൂപ വീതമോ, അല്ലെങ്കിൽ തൊഴിലാളി വിഹിതത്തിന്റെ ഇരുപത്തിയഞ്ച് ശതമാനമോ അതിൽ ഏതാണോ കൂടുതൽ അത് ഗ്രാന്റായി സർക്കാർ നിധിയിലേയ്ക്ക് അടയ്ക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമ വിഹിതമായി "2230-01-103-59 കേരള പീടിക വാണിജ്യസ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡ് സംഭാവന" എന്ന ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷം വരെയുള്ള കുടിശ്ശിക ഇനത്തിൽ 57,64,86,895/- രൂപ ബോർഡിന് പ്രതിപൂരണം ചെയ്ത് നൽകാനുണ്ട്.

## 9. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിന് അംശദായ തുകയ്ക്ക് ആനുപാതികമായ സർക്കാർ വിഹിതമായി 2019-20 കാലയളവു മുതൽ 2023-24 വരെ ആകെ 60,42,339/- രൂപ കുടിശ്ശികയിനത്തിൽ നൽകാനുണ്ട്.

## 10. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരളാ തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിനു ലഭിക്കുന്ന അംശദായ തുകയ്ക്ക് ആനുപാതികമായി 2023-24 വരെ ആകെ 8,96,35,164.86 രൂപ കുടിശ്ശികയിനത്തിൽ നൽകാനുണ്ട്.

## 11. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംശാദായ തുകയ്ക്ക് ആനുപാതികമായ സർക്കാർ വിഹിതം (നോൺ പ്ലാൻ) ഇനത്തിൽ 2024-25 സാമ്പത്തിക വർഷം വരെ 59.838 കോടി രൂപ കുടിശ്ശികയായിട്ടുണ്ട്.

## 12. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ്

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ പദ്ധതിക്ക് അംശാദായ തുകയ്ക്ക് ആനുപാതികമായ സർക്കാർ വിഹിതം ഇനത്തിൽ നാളിതുവരെ 9,34,12,195 രൂപ കുടിശ്ശികയിനത്തിൽ നൽകാനുണ്ട്.